# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.921 01.03.2017 ൽ മറുപടിക്ക്**

**കണ്ണൂർ വിമാനത്താവളവുമായി ബന്ധപ്പെട്ട് ഡ്രെയിനേജ് നിർമ്മാണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഇ.പി.ജയരാജൻ:** | | **മാത്യൂ ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** | |
| (എ) | കണ്ണൂർ വിമാനത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട് മഴക്കാലത്ത് കൃഷിയിടങ്ങളിലേക്ക് വെള്ളത്തിന്റെ കുത്തൊഴുക്ക് തടയുന്നതിന് ഡ്രെയിനേജ് സംവിധാനങ്ങൾ നിർമ്മിക്കുന്നതിന് മൈനർ ഇറിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നിർമ്മാണ പ്രവൃത്തികളാണ് മൈനർ ഇറിഗേഷൻ വകുപ്പ് ഏറ്റെടുത്തിട്ടുള്ളത്; | (ബി) | ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിലെ തീരുമാന പ്രകാരം, വിമാനത്താവള പ്രദേശത്തു നിന്നുള്ള മഴവെള്ളം, പദ്ധതി പ്രദേശത്തിനു പുറത്തുകൂടി ഒഴുകുന്ന കാരതോടിലേക്കും കോതേരി തോടിലേക്കും ഒഴുക്കി വിടുന്നതിനു വേണ്ടി 16 ചെറുതോടുകൾ നിർമ്മിക്കുവാനും കൂടാതെ രണ്ടു തോടുകളുടെ (കാരതോട്, കോതേരി തോട്) ആഴവും വീതിയും കൂട്ടി പാർശ്വ ഭിത്തി കെട്ടി സംരക്ഷിക്കുവാനും വേണ്ട പ്രവൃത്തികളാണ് വകുപ്പ് ഏറ്റെടുത്തിട്ടുള്ളത്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ ജില്ലാ കളക്ടർ നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (സി) | എത്ര തുകയുടെ എസ്റ്റിമേറ്റിനാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്; | (സി) | 4959 ലക്ഷം രൂപ |
| (ഡി) | നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിച്ച് പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; | (ഡി) | കാലവർഷം ആരംഭിക്കുന്നതിന് മുമ്പ് പ്രവൃത്തി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ഇ) | ഇതു സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നു വ്യക്തമാക്കാമോ? | (ഇ) | കഴിഞ്ഞ മഴക്കാലത്ത് വിമാനത്താവള പ്രദേശത്തു നിന്നും ഒഴുകി വന്ന മണ്ണും ചെളിയും കാരതോട് , കോതേരി തോട് എന്നീ രണ്ട് നിലവിലുള്ള തോടുകളിൽ അടിഞ്ഞു കൂടിയത് നീക്കുന്നതിന് വേണ്ടി 41 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നല്കുകയും പ്രവൃത്തി 90% പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പതിനാറ് (16) ചെറുതോടുകൾ നിർമ്മിക്കുവാനും നിലവിലുള്ള രണ്ട് തോടുകൾ (കാരതോട്, കൊതേരി തോട്) പുനരുദ്ധരിക്കുന്നതിനും വേണ്ടി 4959 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഡ്രെയിനേജ് നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തി പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ